ഉത്തരം

(എ) പി. എം. ആർ. വൈ.-യിൽ ഉൾപ്പെടുത്തി ശുദ്ധജലവിതരണ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

(ബി മുതൽ എഫ് വരെ) ചോദ്യം ഉദിക്കുന്നില്ല.

രാജീവ്ഗാന്ധി ദേശീയ കുടിനീർ പദ്ധതിയുടെ കീഴിൽ വരുന്ന തിരുവനന്തപുരം ജില്ലയിലെ പ്രദേശങ്ങൾ

64 [221] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജീവ്ഗാന്ധി ദേശീയ കുടിനീർ മിഷന്റെ കീഴിൽ ഗ്രാമപ്രദേശങ്ങളിൽ നടത്തുന്ന കുടിനീർ പദ്ധതിക്കായി തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ പ്രദേശങ്ങൾ തിരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആവശ്യത്തിനായി തിരുവനന്തപുരം ജില്ലയിൽ എത്ര രൂപ വകയിരുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) രാജീവ്ഗാന്ധി ദേശീയ കുടിനീർ മിഷന്റെ കീഴിൽ തിരുവനന്തപുരം ജില്ലയിലെ ഇടക്കോട്, അയിരുപ്പാറ, കഴക്കൂട്ടം-മീനങ്കുളം, ഉളിയഴത്തറ, വിളവൂർക്കൽ, ഒറ്റശേഖരമംഗലം, അരുവിപ്പുറം, മറുകിൽ, മാറനല്ലൂർ, അമ്പൂരി പഞ്ചായത്തിലെ ചീനിക്കാല, കൊണ്ടകെട്ടി, കൂട്ടമല, വെള്ളറട പഞ്ചായത്തിലെ കണക്കോട്-കണിമരം, പൂവൻകുഴികോളനി, കോട്ടയംവിള, വിഴിഞ്ഞം, കള്ളിക്കാട്, പനവൂർ-പുല്ലമ്പാറ, കിളിമാനൂർ, വർക്കലയും സമീപ പഞ്ചായത്തുകളും, വക്കം, അഞ്ചുതെങ്ങ്, ചിറയിൻകീഴ്, കുളത്തൂർ പഞ്ചായത്തിലെ കണ്ണമേൽകോണം പട്ടികജാതി കോളനി, നഗരൂർ പഞ്ചായത്തിലെ വട്ടവിള പട്ടികജാതി കോളനി എന്നിവിടങ്ങളിലാണ് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

(ബി) ഈ ആവശ്യത്തിനായി 2003-2004 വർഷത്തിൽ 558 ലക്ഷം രൂപയും സ്വജൽധാര പദ്ധതിയിൽ 37.2 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly